ഉത്തരം

(എ) ഗാർഹിക കണക്ഷനുകൾക്ക് കോൺട്രിബ്യൂഷൻ സമ്പ്രദായം 1-4-1985 മുതൽ പൊതുവേ നിർത്തലാക്കിയിട്ടുണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

കണ്ണൂർ ജില്ലയിലെ വൈദ്യുതീകരണം

388 [724] ശ്രീ. കെ.സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ വൈദ്യുതീകരണം നടപ്പിലാക്കാൻ മുൻഗണനാക്രമത്തിൽ തയ്യാറാക്കിയിട്ടുള്ള പദ്ധതികളുടെ ലിസ്റ്റ് വെളിപ്പെടുത്താമോ;

(ബി) 1979-ൽ ഭരണാനുമതി നൽകിയ ഉദയഗിരി പഞ്ചായത്തിലെ ശാന്തിപുരം സ്കീമിന്റെ യാതൊരു വിധമായ ആരംഭപ്രവർത്തനപരിപാടികളും ഇനിയും ആരംഭിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ശാന്തിപുരം സ്കീമിന്റെ പണികൾ എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) ഉണ്ട്.

(സി) ഇത് മുൻഗണനാക്രമത്തിൽ ഒന്നാമത്തേതാണ്. കഴിവതും വേഗത്തിൽ പണി തുടങ്ങുന്നതാണ്. സാമ്പത്തിക പരിമിതിയാണ് പണി തുടങ്ങാൻ കാലതാമസത്തിന് കാരണം.

ചെന്നീർക്കര പ്രദേശത്തെ വോൾട്ടേജ് കമ്മി

389 [730] ശ്രീ. എസ്. രാമചന്ദ്രൻ പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പന്തളം സബ്ഡിവിഷനിൽപ്പെട്ട കുളനട ഇലക്ട്രിക്കൽ സെക്ഷന്റെ കീഴിലുള്ള ചെന്നീർക്കര പ്രദേശത്ത് വോൾട്ടേജ് കമ്മി അനുഭവപ്പെടുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്തെല്ലാം;

(ഡി) ഇല്ലെങ്കിൽ ഈ പ്രദേശത്തെ ജനങ്ങൾക്ക് പ്രത്യേകിച്ച് വിദ്യാർത്ഥികൾക്ക് ഇതുമൂലം വളരെയധികം വിഷമതകളുണ്ടാകുന്നുവെന്നുള്ള വസ്തുത പരിഗണിച്ച് ഈ വോൾട്ടേജ് കമ്മി നികത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ഇ) ചെന്നീർക്കര പ്രദേശത്തെ വോൾട്ടേജ് കമ്മി എന്നത്തേക്ക് പരിഹരിക്കപ്പെടുമെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly